"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരള സംസ്ഥാനം)**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: ഷമ്മി ബേക്കർ.എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - വർക്ക്ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിലെ ജീവനക്കാർക്ക് ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം - അനുവദിച്ച് ഉത്തരാവകുന്നത് - സംബന്ധിച്ച്

പരാമർശം :-

1. 29.11.1971-ലെ 408/71/പി.ഡി നമ്പരായ വിജ്ഞാപനം
2. 24.04.2008-ലെ 9855/സി/2008/തൊഴിൽ നമ്പരായ സർക്കാർ കത്ത്
3. 17.02.2021-ലെ DT/3306/2020-A6 നമ്പരായ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**ഉത്തരവ് നമ്പർ : DT/327/2022-A2, തീയതി: 10-07-2024**

പരാമർശം (1) ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ നേരിട്ടും, വ്യാവസായിക പരിശീലന വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കേണ്ടത്, തസ്തികയിലെ അംഗബലത്തിലെ അടിസ്ഥാനത്തിൽ ആണ് എന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങളിൽ, നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലെയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകപ്പെട്ട് നിലവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഓരോ ട്രേഡിലും സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം, എന്നിവയുടെ അടിസ്ഥാനത്തിലും, ഓരോ ട്രേഡിലും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഒന്നാം പരാമർശ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത മാനദണ്ഡ പ്രകാരവും, അനുപാത പ്രകാരവും ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹരായ താഴെപ്പറയുന്ന ജീവനക്കാരെ കേരള സംസ്ഥാന കീഴ്ദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം-9എ(1) അനുസരിച്ച് 37400 - 79000 രൂപ ശമ്പള നിരക്കിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിൽ അവരവരുടെ പേരുകൾക്ക് നേരെ

രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനത്തിൽ വന്ന തീയതി | യോഗ്യത | സ്ഥാനക്കയറ്റം നിൽകി നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1 | 25 | ഹരീന്ദ്ര കുമാർ.ആർ, വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ), ഗവ.ഐടിഐ അരീക്കോട് | 14.10.2020 | SSLC NTC in Draughtsman Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം | ഗവ.ഐടിഐ സീതാംഗോളി |
| 2 | 26 | ബിബിൻ.എസ്.എൻ, വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ), ഗവ. ഐടിഐ (വനിത) പാറശ്ശാല | 19.10.2020 | SSLC NTC in Draughtsman Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിലെ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം | ഗവ.ഐടിഐ റാന്നി |
| 3 | 27 | ജെബിൻ തോമസ്, വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ), ഗവ. ഐടിഐ (വനിത) കണ്ണൂർ | 23.10.2020 | SSLC NTC in Draughtsman Civil വർക്ക് ഷോപ്പ് അറ്റൻഡർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിലെ മൂന്ന് | ഗവ.ഐടിഐ പേരാമ്പ്ര |

| | | | | | |
|---|---|---|---|---|---|
| | | | | വർഷത്തെ പ്രവൃത്തി പരിചയം | |

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 6 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം-7(ii) -ലെ വ്യവസ്ഥ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർച്ചയായ രണ്ട് വർഷക്കാലയളവിലെ ഒരു വർഷം പ്രൊബേഷൻ കാലയളവിലായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാർ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർ നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിലെ പ്രിൻസിപ്പാൾ, ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന വിവരം ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം നൽകപ്പെട്ട ജീവനക്കാർക്ക് ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്ന കാലയളവ്, യാത്രാബത്ത എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

2024 പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ ബന്ധപ്പെട്ട സ്ഥാപനത്തിലെ നിയമനം അർഹതയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് :-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

Signed by
Shammi Baker A
Date: 10-07-2024 18:49:23

പകർപ്പ്:-1. പ്രിൻസിപ്പാൾ, ഗവ.ഐടിഐ അരീക്കോട് / (വനിത) പാറശ്ശാല/(വനിത) കണ്ണൂർ/ സീതാംഗോളി/ റാന്നി/ പേരാമ്പ്ര

2. ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ

3. സി.എ (ഡി.റ്റി)/സി.എ (എ.ഡി.റ്റി)

4 എസ്.എസ് (എ)/ജെ.എസ്(എ)

5. എ6 (വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്)

6. എസ്.എഫ് (എ2)

7 വകുപ്പ് വെബ്സൈറ്റ്